**നോമ്പുകാലം ഒന്നാം ഞായർ**

**മത്താ 4:1-11**

## ഇന്നിന്റെ പ്രലോഭനങ്ങൾ

റവ. ഡോ. ജോസ് ഓലിയപ്പുറം

സമാന്തരസുവിശേഷങ്ങൾ എല്ലാ യേശുവിന്റെ മരുഭൂമിയിലെ പരീക്ഷണം പരാമർശിക്കുന്നുണ്ട്. മൂന്നു സുവിശേഷകന്മാരിൽ മത്തായി, ലൂക്കാ എന്നിവർ തങ്ങളുടേതായ ദൈവശാസ്ത്ര വീക്ഷണങ്ങൾ ഈ പാരമ്പര്യത്തോട് ചേർത്ത് അവതരിപ്പിക്കുന്നു. മർക്കോസാകട്ടെ ഈ പാരമ്പര്യത്തെ പരാർമശിക്കുക മാത്രമേ ചെയ്യുന്നുള്ളൂ. പിശാചിനാൽ പരീക്ഷിക്കപ്പെടുവാനാണ് ആത്മാവ് യേശുവിനെ മരുഭൂമിയിലേക്ക് ആനയിച്ചതെന്നാണ് പറയുന്നത്. മെസിയ പരീക്ഷണങ്ങളിൽ വിജയിച്ച് ദൈവത്തിൽ സമ്പൂർണമായി അർപ്പിച്ച് മുന്നേറേണ്ടവനാണ് എന്ന സൂചനയായിരിക്കണം ഇതിനുള്ളത്. നാല്പതു ദിനരാത്രങ്ങൾ യേശു ഉപവസിച്ചു; അപ്പോൾ അവനു വിശന്നു എന്നു മത്തായി സുവിശേഷകൻ സൂചിപ്പിക്കുന്നു. നാൽപതു ദിനരാത്രങ്ങളെന്നു പറയുന്നതിന് പഴയ നിയമ ചിന്തകളുടെ പിൻബലമുണ്ടാകാൻ സാധ്യതയുണ്ട്. ഹെബ്രായ ചിന്തയനുസരിച്ച് നാൽപത് പൂർണതയെ കാണിക്കുന്ന സംഖ്യയാണ്. മാത്രമല്ല, ഇസ്രായേൽജനം നാൽപതു വർഷമാണ് മരുഭൂമിയിൽ അലഞ്ഞതും അവിടെ വിവിധ പരീക്ഷണങ്ങളിൽ അകപ്പെട്ടതും. പഴയ ഇസ്രായേൽ ദൈവത്തിൽ ആശ്രയിച്ചെങ്കിലും അവർ ദൈവത്തോട് വിശ്വസ്തത കാണിക്കുന്നതിൽ പലപ്പോഴും പരാജയപ്പെട്ടു. ഇവിടെ യേശു – പുതിയ ഇസ്രായേലും – പരീക്ഷിക്കപ്പെടുന്നു. എന്നാൽ നവീന ഇസ്രായേലായ യേശു വചനത്തിൽ ആശ്രയിച്ചുകൊണ്ട് വിജയിക്കുന്നു.

ദൈവത്തിൽ നിന്നും അരുളപ്പാടുകൾ ലഭിക്കുന്നതിന് നാല്പതു ദിനങ്ങളാണ് മോശ സീനായ് മലയിൽ പ്രാർത്ഥനയിൽ മുഴുകിയിരുന്നത്. കല്പനകൾ ലഭിച്ചത് അതിനു ശേഷമായിരുന്നു. ഏലിയ നാല്പതു ദിനങ്ങൾ ഉപവസിച്ചതിനു ശേഷമാണ് തന്റെ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തിയത്. ഒരു പക്ഷേ ഈ മുൻ സംഭവങ്ങൾ സുവിശേഷഗ്രന്ഥകാരനെ പുതിയ മോശയും ഏലിയായും ഇസ്രായേലുമായ ക്രിസ്തുവിന്റെ പ്രവർത്തനാരംഭം കുറിക്കാൻ സഹായകമാകുമെന്നു കരുതിയിട്ടുണ്ടാവും. പ്രലോഭകൻ അവനെ സമീപിച്ചു പറഞ്ഞു എന്നു സൂചിപ്പിക്കുന്നതിൽ ഇത് യേശുവിന് വ്യക്തിപരമായുണ്ടായ അനുഭവമാണോ അതോ ഇതിന് വ്യക്തിപരമല്ലാത്ത ബാഹ്യസ്വാധീനങ്ങൾ ഉണ്ടോയെന്നും സംശയിക്കുന്ന പണ്ഡിതന്മാരും ഇല്ലാതില്ല.

വിശപ്പനുഭവപ്പെട്ട യേശുവിനാണ് പ്രലോഭകന്റെ പരീക്ഷണങ്ങൾ ഒന്നിനു പിന്നാലെ മറ്റൊന്നായി ഉണ്ടായതായി രേഖപ്പെടുത്തുന്നത്. വിശപ്പ് സ്വാഭാവികമായും ഉണ്ടാകുന്നതാണ്. പ്രത്യേകിച്ച് നാല്പതു ദിവസത്തെ ഉപവാസത്തിനുശേഷം. എന്നാൽ സുവിശേഷകനായ മത്തായി പറയുന്ന വിശപ്പ് ഒരാന്തരികാവസ്ഥയുടെ വെളിപ്പെടുത്തലുമാകാം. മനസ്സിൽ കടന്നുവരുന്ന സംഘർഷാത്മക ചിന്തകളുടെ പ്രതീകാത്മക ആവിഷ്കാരവുമാകാം. മൂന്നു തരം പരീക്ഷണങ്ങൾ ഉണ്ടായതായാണ് രേഖപ്പെടുത്തുന്നത്. ഇതിൽ മൂന്നിലും നീ ദൈവപുത്രനാണെങ്കിൽ എന്ന ചോദ്യവുമുണ്ട്. യേശു ദൈവപുത്രനാണ് അതിനാൽ ശക്തിയും കഴിവുമുണ്ട്. അതുപയോഗിച്ചു കൂടെ എന്നതാണ് ധ്വനി. കല്ലുകളെ അപ്പമാക്കാനും ദേവാലയ ശൃംഗത്തിൽ നിന്നും താഴേക്കു ചാടുമ്പോൾ മാലാഖമാരാൽ സംരക്ഷിക്കപ്പെടുവാനും ലോകമെല്ലാം കാൽക്കീഴിലാക്കി ആനന്ദിക്കാനും കഴിയുന്നവനാണ് ദൈവപുത്രൻ/മെസിയ. പിന്നെന്തുകൊണ്ട് ആ മാർഗം തെരഞ്ഞെടുത്തുകൂടാ? ലോകത്തിന്റെ വഴിയേ ചിന്തിച്ചുകൂടാ? എളുപ്പവഴിയേ കാര്യങ്ങൾ നടത്താൻ വഴിയിൽ കിടക്കുമ്പോൾ എന്തിന് മറ്റു മാർഗങ്ങൾ അന്വേഷിക്കുന്നു? ഇത് വലിയൊരു സംഘർഷമാണ്. ഇന്നും എന്നും എപ്പോഴും ഉണ്ടാകുന്ന സംഘർഷം.

യേശു ഇവിടെ തന്റെ ദൗത്യത്തെക്കുറിച്ചു ബോധ്യമുള്ളവനും അതിനനുസരിച്ച് പ്രതികരിക്കുന്നവനുമായി കാണപ്പെടുന്നു. ദൈവവചനം തന്നെ വഴിയായി ഉപയോഗിച്ചുകൊണ്ടാണ് പ്രലോഭകനും സമീപിച്ചത്. യേശു അവയെ വചനം കൊണ്ടുതന്നെ നേരിടുന്നതായി മത്തായി സൂചിപ്പിക്കുന്നു. നിയമാവർത്തന പുസ്തകത്തിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങളാണ് യേശു മറുപടിയായി പ്രലോഭകനു നല്കുന്നത്. മോശയുടെ നിയമങ്ങളുടെ പുനരാഖ്യാനമാണല്ലോ നിയമാവർത്തനം. വിശപ്പും (ആഗ്രഹം, തൃപ്തി) കഴിവുകളും (അധികാരം) ലോകം മുഴുവനും (സമ്പത്ത്) പ്രാധാന്യമർഹിക്കുന്ന കാര്യങ്ങളല്ലായെന്നു തന്റെ ജീവിതത്തിലൂടെ തെളിയിച്ചു കൊടുക്കാൻ നിയോഗിക്കപ്പെട്ടവനാണ് ദൈവപുത്രൻ/മെസിയ. അതിന് അവിടന്നു തന്നെ തന്റെ പരസ്യജീവിതാരംഭത്തിൽ മാതൃകയായിത്തീരുന്നു.

യേശുവിന്റെ പ്രലോഭനവിവരണം വഴി താഴെ വരുന്ന കാര്യങ്ങൾ നമ്മുടെ ചിന്താവിഷയമാക്കാം.

– പ്രലോഭനങ്ങളെ ദൂരെയകറ്റി ദൈവമായ കർത്താവിനെ സർവസ്വവുമായി കണ്ട് ഓരോ വ്യക്തിയും ജീവിക്കണം.

– ദൈവവചനം ജീവിതനിയമമാകുമ്പോൾ ചിരപുരാതന മനുഷ്യാശകളായ സമ്പത്ത്, സുഖഭോഗങ്ങൾ, അധികാരം എന്നിവ നിർമ്മാർജ്ജനം ചെയ്യപ്പെടും.

– ദൈവിക സമാധാനം ജീവിതത്തിൽ കൈവരണമെങ്കിൽ ദൈവമായ കർത്താവിനു മാത്രം വിധേയപ്പെട്ട ജീവിതം നയിക്കണം.